ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ലാബ് ടെക്നീഷ്യൻ	3
നഴ്സ്	3
എ.എൻ.എം.	1
ഫാർമസിസ്റ്റ്	1
ആകെ	8

നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി റേറ്റ്

160 (1629) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി റേറ്റ് എത്രയാണെന്ന് അറിയിക്കാമോ ;

(ബി) സർച്ചാർജ് കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തീരാധാരങ്ങളുടെ നിലവിലുള്ള മുദ്രസല നിരക്ക്, വസ്തു പഞ്ചായത്തിൽപ്പെട്ടതാണെങ്കിൽ വിലയുടെ/പ്രതിഫലത്തിന്റെ 10% (6% മുദ്രസല+4% സർചാർജ്) വസ്തു മുനിസിപ്പാലിറ്റിയിൽപ്പെട്ടതാണെങ്കിൽ 12.5% (8.5% മുദ്രസല + 4% സർചാർജ്) വസ്തു കോർപ്പറേഷനിൽപ്പെട്ടതാണെങ്കിൽ 13.5% (8.5% മുദ്രസല+5% സർചാർജ്) എന്ന നിരക്കിലാണ്. ശേഷിക്കുന്ന കാരണങ്ങളുടെ മുദ്രസല കേരള മുദ്രപ്പത്ര നിയമം 1959 അനുസരിച്ചാണ്.

(ബി) സർച്ചാർജ് കുറയ്ക്കുന്ന കാര്യം പരിഗണനയിലാണ്.

പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ

161 (1630) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ പഞ്ചായത്തിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നിർദ്ദേശം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly